പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1478 06-03-2017-ലെ മറുപടിയ്ക്ക്

## കർഷക ആത്മഹത്യ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.ഉമ്മർ | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് കർഷക ആത്മഹത്യയെ പ്രതിരോധിക്കുന്നതിനും കർഷകനെ കടക്കെണിയിൽ നിന്നും രക്ഷിക്കുന്നതിനും മുൻസർക്കാർ സ്വീകരിച്ച നടപടികളിൽ നിന്നും എന്തെല്ലാം വ്യതിയാനങ്ങളാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്; വിശദാംശം നൽകുമോ;

(എ) 1) 2016 ജൂൺ മാസം മുതൽ കേരളത്തിലെ എല്ലാ കർഷകർക്കും പ്രതിമാസം 1000 രൂപ കർഷക പെൻഷൻ അനുവദിച്ചു.

2) പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് വയനാട് ജില്ലയ്ക്കു മാത്രമായി 27 കോടി രൂപയും മറ്റു ജില്ലകൾക്ക് 25 കോടി രൂപയും കൃഷി വകുപ്പ് അനുവദിച്ചു.

3) പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് കഴിഞ്ഞ സർക്കാർ നൽകാനുണ്ടായിരുന്ന കുടിശ്ശികയായ 116.53 കോടി രൂപയിൽ 77.09 കോടി രൂപ ഇതിനകം കർഷകർക്ക് നൽകിയിട്ടുണ്ട്.

4) വിപണി ഇടപെടലിന്റെ ഭാഗമായി വിശേഷാവസരങ്ങളിൽ കർഷകരുടെ ഉത്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നതിനായി പ്രാദേശിക തലത്തിൽ ഉല്പന്നങ്ങൾ നേരിട്ട് സംഭരിക്കുകയും ഹോർട്ടികോർപ്പ് വഴി ന്യായ വിലക്ക് വിപണനം നടത്തുകയും ചെയ്തുവരുന്നു.

5) നെല്ലിന്റെ സംഭരണ വില 22.50 രൂപയായി ഉയർത്തി നിശ്ചയിച്ചു.

6) കാർഷിക വായ്പകൾക്ക് തിരിച്ചടവിന് മോറട്ടോറിയം പ്രഖ്യാപിച്ചു.

7) പച്ചത്തേങ്ങ സംഭരണത്തിന് കുടിശ്ശിക ഉണ്ടായിരുന്ന മുഴുവൻ തുകയും കർഷകർക്ക് നൽകി. ഇതിനായി 50 കോടി രൂപ സർക്കാർ കേരഫെഡിന് നൽകി.

**(ബി)** കഴിഞ്ഞ സർക്കാരിന്റെ കാർഷിക നയത്തിലെ സുപ്രധാന വ്യവസ്ഥകൾ ഒഴിവാക്കിയതു മൂലമുണ്ടായ പ്രത്യാഘാതങ്ങൾ വിശദമായ പഠനത്തിന് വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

**(ബി)** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തയ്യാറാക്കിയ കാർഷിക നയത്തിലെ സ്വീകരിക്കാവുന്നതും കർഷകർക്ക് ഗുണമുള്ളതുമായ എല്ലാ ഘടകങ്ങളും ഈ സർക്കാർ സ്വീകരിക്കുകയും ആയതിന് അനുസൃതം പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നതാണ്. കേരളത്തിന്റെ തനത് കൃഷി രീതികൾ ശക്തിപ്പെടുത്തുന്നതിനും തനത് ഉൽപന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിനും അത്തരത്തിൽ സംയോജിതമായ കൃഷി വ്യാപനവും മൂല്യവർദ്ധിത ഉൽപന്ന വൈവിധ്യവൽക്കരണവും അടിസ്ഥാനപ്പെടുത്തിയുള്ള സമഗ്ര കാർഷിക നയമാണ് നടപ്പിലാക്കി വരുന്നത്.

സെക്ഷൻ ഓഫീസർ